# ! ഇരയും കെണിയും ! ടി.പി. രാജീവന്റെ 'മത്സ്യം' എന്ന കവിതയെ മുൻനിർത്തി വിലയിരുത്തുമ്പോൾ.

ആർ. ദിലീപ്കൃഷ്ണൻ
ഗവ: ഗേൾസ് ഹയർസെക്കന്ററി സ്കൂൾ
കായംകുളം.

ഉത്തരാധുനിക കവിത ധ്വന്യാത്മകമാണ്. സാമാന്യ വ്യവഹാരത്തിന്റെ കീഴ്മേൽ മറിച്ചിലാണിവിടെ സംഭവിക്കുന്നത്. കവിതയ്ക്ക് അനേകം അടരുകളും വിടവുകളുമുണ്ട്. പറഞ്ഞതിനപ്പുറമുള്ള സാധ്യതകളുടെ ശൂന്യസ്ഥലികളെ പൂരിപ്പിക്കുകയാണ് വായനക്കാരന് ചെയ്യാനുള്ളത്.

മൽസ്യം എന്ന കവിതയിൽ സ്വാതന്ത്ര്യത്തിന്റെ കടൽപ്പരപ്പിൽനിന്ന് ആകാശത്തിന്റെ അതിരിലേക്കും അവിടെനിന്നും ആഴക്കടലിലേക്കും വിലക്കുകൾ ഇല്ലാതെ നീന്തിത്തുടിക്കുന്ന മത്സ്യത്തെയാണ് കാണുന്നത്. ജീവിതിത്തിലെ വേലിയേറ്റങ്ങളിലും വേലിയിറക്കങ്ങളിലും തരാതരംപോലെ നിലകൊള്ളാൻ കഴിയുന്ന മാനസികാവസ്ഥയുമായി ഒഴുക്കിനെതിരെ പൊരുതി നിൽക്കുകയും മറ്റ് ചിലപ്പോൾ ഒഴുക്കിനനുസരിച്ച് നിന്നുകൊടുക്കുകയും ചെയ്ത് അതിജീവനത്തിന്റെ സാധ്യതകളേയും അത് പയറ്റുന്നു. തന്റെ ശാരീരിക പരിമിതികളെ നിശ്ചയദാർഢ്യം കൊണ്ട് മറികടന്നുകൊണ്ടാണ് അത് കടൽതിരയോട് ഒറ്റയ്ക്ക് പൊരുതി നിന്നത്. കവിതയുടെ തുടക്കത്തിൽ നാംകാണുന്ന മണൽതരിയോളംപോന്ന മത്സ്യം പ്രതിസന്ധികളെ മറികടക്കുന്നതിൽ തന്റെ ശാരീരിക പരിമിതികളെയും സാധ്യതയാക്കിമാറ്റുന്നു. വല, ചൂണ്ട, വായ്ത്തല ഇവ ഇരയേയും വേട്ടക്കാരനെയും ബന്ധിപ്പിക്കുന്ന പ്രതീകങ്ങളാണ് . ഇരയുടെ അതിജീവനുമായി അതിനെ കോർത്തിണക്കുന്നത് വലയുടെ കണ്ണിയടുപ്പവും ചൂണ്ടയുടെ കൊളുത്തുറപ്പുമാണ്. രാകി മൂർച്ചവന്ന വായ്ത്തലയുടെ വേഗതയും തന്നെ. ഇവിടെ വലയുടെ നല്പ്പില്ലായ്മ നോക്കുക. മണൽതരിയോളം ചെറുതാകാൻ കഴിയാതെപോയതും ചൂണ്ടക്കൊളുത്തുകളെ അതിജീവിക്കുന്ന മെയ് വഴക്കം മത്സ്യം പ്രകടിപ്പിച്ചതിനാലും വേഗതക്കൊപ്പം എത്താനാകാതെ വായ്ത്തല പരാജയപ്പെടുപ്പോഴുമാണ് എല്ലാ കൊടികൾക്കും മുകളിലേക്ക് അത് കയറിച്ചെല്ലുന്നതും പിന്നീട് സുരക്ഷിത താവളങ്ങളിലേക്ക് തന്ത്രപൂർവം പിൻവാങ്ങുന്നതും . എല്ലാ വേഗതയോടും നിയന്ത്രണങ്ങളോടുമാണത് പൊരുതി നിൽക്കുന്നത്. വേദം അപഹരിച്ചുകടന്ന കുതിരത്തലയനെപ്പറ്റി ഉത്കണ്ഠാകുലനാകാൻ അത് മെനക്കെടുന്നില്ല. ഗംഗാനദിയിലും കടലിന്റെ ആഴങ്ങളിലും തന്നെ വെട്ടിവിഴുങ്ങാൻ കാത്തിരിക്കുന്ന വലിയ മത്സ്യങ്ങളെപ്പറ്റി വ്യവസനിക്കാൻ അതിന് സമയമില്ല. പരുന്തിൻ കണ്ണുകൾ കോർത്തെടുത്ത, വലയിലകപ്പെട്ടുപൊയ സഹമത്സ്യങ്ങളെപ്പറ്റി

യുള്ള നീറുന്ന അറിവാകണമതിനെ പോരാളിയാക്കി നിലനിർത്തുന്നത്. ജീവിതനിമിഷങ്ങളിലെ അനശ്ചിതാവസ്ഥയിൽ നിന്നും ഉറവയെടുക്കുന്ന ബോദ്ധ്യങ്ങളുടെ സൂചിയറിവിന്റെ വലിയപാഠങ്ങളാണ് ഒരുകഥയുടെയും ഭാഗമാകാതെ ഒരു കണ്ണാടിയുടെയും കാഴ്ചയാകാൻ നിന്നുകൊടുക്കാതെ ഒരു വിലപേശലിനും കിടന്നുകൊടുക്കാതെ പൊരുതാൻ മത്സ്യത്തെ പ്രാപ്തമാക്കുന്നത്.

2

ഉപ്പ് പാടങ്ങളിൽ ഉണങ്ങിവരളുകയോ ഐസ്സ്കട്ടകൾക്കിടയിൽ വിറങ്ങലിച്ചുകിടക്കുകയോ ചെയ്യുക എന്ന പരമ്പരാഗത ഭാഗധേയത്തേയാണ് അത് ഉറച്ചമനസ്സോടെ മറികടക്കാനൊരുപ്പെടുന്നത്. വൈവസ്വതമനുവിന്റെ യുക്തിബോധത്തിനൊപ്പിച്ച് കൊക്കരിണിയിലും നദീതടങ്ങളിലും മാറിമാറി വളരാനുള്ള അവാതാരമഹത്വമെന്നും തനിക്കില്ലായെന്ന സ്വയമറിവിന്റെ മുറിവിൽനിന്നുമാകണം അത് തന്റെ ജീവിതത്തിന്റെ വേഗം കൂട്ടുന്നത്. തനിക്കുവേണ്ടി അവതരിക്കാനൊരു രക്ഷകനുമില്ലെന്ന പൊള്ളുന്ന അറിവുള്ളതിനാൽ ആരുടെയും കരുണക്കായത് യാചിക്കാനൊരുമ്പെടുന്നില്ല. തന്നെ കാത്തിരിക്കുന്ന ചതിക്കുഴികളെപ്പറ്റി ഉള്ളാലെ അിറയുന്ന മത്സ്യം അത് മറികടക്കുന്ന പുതുവഴികളെല്ലാം പ്രതിരോധത്തിന്റേതാണെന്ന് യാഥാർത്ഥ്യത്തിലെത്തിനിൽക്കുന്നു. അതിനാലാണ് ചുട്ടുപഴുത്ത സൂചിപ്പൊട്ടുപൊലെ അത് കടലിന്റെ ഭ്രാന്തുപിടിച്ച രക്തത്തിലൂടെ ഓട്ടം തുടർന്നത്. തനിക്കുവേണ്ടി പണിക്കുറ്റം തീർത്ത് എവിടെയോ ഒരുങ്ങുന്ന വലകളെയും രാകി മൂർച്ച വരുത്തിയ വായത്തലകളേയും ചൂണ്ട കൊളുത്തുകളേയുംപ്പറ്റി അതറിയുന്നില്ലേയെന്ന കവിയുടെ ഉത്കണ്ഠയിലാണ് കവിത അവസാനിക്കുന്നത്. കവിത എഴുതി പൂർത്തിയാക്കുമ്പോൾതന്നെ എഴുത്തുകളിൽനിന്ന് വേറിട്ട സ്വത്വമായി കവിത മാറുന്നു. എഴുത്തുകാരനെ കൈവിട്ട കവിതയിൽ വായനക്കാരൻ നടത്തുന്ന ഇടപെടലാണ് ഒരു കൃതിക്ക് വ്യത്യസ്ഥങ്ങളായ സാദ്ധ്യതകൾ രൂപപ്പെടുത്തുന്നത്. പ്രതീകങ്ങളുടെ അർത്ഥ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്ന കവി ധ്വന്യാത്മക അനുഭൂതിയാക്കി കവിതയെ മാറ്റിതീർക്കുന്നു. ഇവിടെ കടലും മത്സ്യവും വലയുമെല്ലാം എന്തിനെയാണ് പ്രതീകവൽക്കരിക്കുത്. മനുഷ്യജീവിതത്തിലെ ചില യാഥാർത്ഥ്യങ്ങളെയാണ് അത് തൊട്ടുപോകുന്നത്. ആഗോളവത്കരണത്തിന്റെ വർത്തമാനകാല യാഥാർത്ഥ്യത്തിൽഭരണകൂടം എപ്രകാരമാണ് വ്യവസ്ഥിതിയുടെ കാവൽ നായ്ക്കളായി പരിണമിക്കുന്നത് എന്നത് ആശങ്കയായി കവിതയിൽ നിറയുന്നു. വ്യക്തി ഇരയായി മാറുകയും പ്രത്യയശാസ്ത്ര മർദനോപകരണങ്ങൾ സ്വത്വത്തെ ആഴത്തിൽ കുഴിച്ചുമൂടുകയും ചെയ്യുമ്പോൾ സമൂഹം ഇര/വേട്ടക്കാരൻ എന്ന ദ്വന്ദ്വത്തിലേക്ക് ചുരുങ്ങുന്നു. ഇരകൾ അവരാരുമാകാം. അവശ ജനവിഭാഗങ്ങൾ, മതന്യൂനപക്ഷങ്ങൾ സമൂഹത്തിലും,

കുടുംബ ഘടനക്കുള്ളിലും പാർശ്വവത്കരിക്കപ്പെടുന്ന സ്ത്രീസമൂഹം, ഇങ്ങനെ ഇരകളുടെ എണ്ണം നീളുന്നു. കഥകളിലെ കേന്ദ്രബിന്ദുവാക്കിയും ശരീരത്തെ കാഴ്ചവസ്തുവാക്കിയും, വിൽപ്പനച്ചരക്കാക്കിയും അപമാനത്തിന്റെ പടുകുഴിയിലേക്ക് തള്ളിവിടുന്ന പുരുഷാധിപത്യ സമൂഹത്തേയും വേട്ടനായ്ക്കളായി കവിതയിലേക്ക് ഘടിപ്പിക്കാം. കൂട്ടംതെറ്റി മേയുന്നവനാണ് ചരിത്രത്തിൽ ചാലക ശക്തിയാകുന്നതും ചരിത്രത്തെ തിരുത്തിക്കുറിക്കുന്നതുമെന്നത് അറിവനുഭവത്തിലെ ഏറ്റവും ലളിതമായ പാഠമാണ്. സ്വാതന്ത്ര്യദാഹിയായ മനുഷ്യൻ ഇത്തരം നുകങ്ങൾക്കുകീഴെ നിൽക്കാൻ തുനിയാതെ ധീരമായി നിലപാടുതറകളിലുറച്ചുനിന്ന് അസ്തിത്വം പ്രഖ്യാപിക്കുന്നിടത്താണ് സമൂഹം ഒരുവനെ റിബലായി ജ്ഞാനസ്നാനം ചെയ്യിക്കുന്നത്.

3

മാറാൻ കൂട്ടാക്കാത്ത വ്യവസ്ഥയോട് പൊരുതി നിൽക്കുന്നവന് നേരിടേണ്ടിവരുന്ന യാതനകളാണ് അയാളിൽ അതിജീവനത്തിനുള്ള കരുത്തുപകരുന്നത്. ഇവിടെ സ്വാതന്ത്ര്യമോഹവും അതിജീവനാസക്തിയും പരസ്പര ബന്ധിതങ്ങളാകുന്നു. പ്രസിസന്ധികളെ അവസരങ്ങളായി കരുതുകയും പരിമിതികളെ അതിജീവനാസക്തിയുടെ ഉൾക്കരുത്തോടെ അസാമാന്യമായ മെയ്ക്കത്തോടെ അഴിച്ചുപണിയുകയും എല്ലാ വിശ്വാസ പ്രമാണങ്ങളെയും മറികടക്കുകയും ചെയ്തേക്കാം. പിടികൂടാൻ കാത്തിരിക്കുന്ന എല്ലാ കൊടികൾക്കും മുകളിലേക്ക് നടന്നെത്താനും ഒരു പക്ഷേ കഴിഞ്ഞേക്കാം . ഐൻസ്റ്റീൻ സിദ്ധാന്തിച്ചതുപോലെ അർഹതയുള്ളവനാണ് അതിജീവിക്കുന്നത്. മുമ്പ് സൂചിപ്പിച്ചതുപോലെ ഒരു കഥയിലേയും കഥാപാത്രമാകാതെ, അന്യർക്ക് കാഴ്ചവസ്തുവാകാൻ വിധിക്കപ്പെടാതെ വാണിഭ ചന്തയിലെ വിൽപ്പനച്ചരക്കാകാതെ ജീവിതമാകുന്ന സമുദ്രത്തിലെ ഒറ്റയാനായി ഓരോ നിമിഷവും പൊരുതി മുന്നേറാനാകാം. പക്ഷേ വിധിയെന്നത് അലംഘനീയമാണ്. വ്യവസ്ഥ വേട്ടനായയായി അധികാരത്തിന്റെ അരത്തിൽ രാകിയെടുത്ത വജ്രായുധവുമായി തൊട്ടുപിന്നാലെയുണ്ട്. ഭരണകൂടതാത്പര്യങ്ങൾ ഇത്തരംസാഹചര്യങ്ങൾ ഇത്തരം പോരാളികളെ ഏതു വിധമാണ് നേരിട്ടതെന്നതിന് ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട തെളിവുകളുണ്ട്. സ്വാതന്ത്ര്യദാഹിയായ മനുഷ്യന് ഇത്തരം വെല്ലുവിളികളെ അതിജീവിച്ച് ഏതളവുവരെ മുന്നോട്ട് പോകാനാകുമെന്നതിൽ കവി ആശങ്കാകുലനാണ്. ഒരേസമയംതന്നെ സ്വാതന്ത്ര്യമോഹത്തിന്റെയും അതിജീവനത്തിന്റെയും ആശങ്കയുടെയും കവിതയായി മത്സ്യം നിലകൊള്ളുന്നു.

*****************